# രക്ഷയുടെ പാതയിൽ



# ഈശോയുടെ പ്രബോധനങ്ങൾ

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

7

# ഉള്ളടക്കം

1. നിത്യജീവൻ പ്രാപിക്കാൻ
2. കർത്താവായ ദൈവം
3. ദൈവനാമം ആരാധ്യനാമം
4. കർത്താവിന്റെ ദിവസം
5. മാതാപിതാക്കളെ ബഹുമാനിക്കണം
6. ജീവൻ ദൈവദാനം
7. ലൈംഗിക വിശുദ്ധി
8. മോഷ്ടിക്കരുത്
9. സത്യം പറയുക
10. ദാമ്പത്യവിശുദ്ധി പാലിക്കുക
11. അവകാശമില്ലാത്തത് ആഗ്രഹിക്കരുത്
12. ശ്രേഷ്ഠമായ കല്പന
13. തിരുസഭയുടെ കല്പന
14. മന:സാക്ഷി രൂപീകരണം
15. സുവിശേഷ ഭാഗ്യങ്ങൾ

# പാഠം- 4



## കർത്താവിന്റെ ദിവസം

# കർത്താവിന്റെ ദിവസം


1. സാബത്ത് പഴയനിയമത്തിൽ
2. ഈശോയും സാബത്തും
3. ഞായറാഴ്ച : കർത്താവിന്റെ ദിനം
4. കടപ്പെട്ട ദിവസങ്ങൾ

# സാബത്ത് പഴയനിയമത്തിൽ

- സാബത്തു വിശുദ്ധദിനമായി ആചരിക്കണമെന്ന് ഓർമ്മിക്കുക. ആറുദിവസം അധ്വാനിക്കുക, എല്ലാ ജോലികളും ചെയ്യുക, എന്നാൽ ഏഴാം ദിവസം നിന്റെ ദൈവമായ കർത്താവിന്റെ സാബത്താണ്. അന്ന് നിങ്ങളാരും യാതൊരു ജോലികളും ചെയ്യരുത്.(പുറ 20:8-10)
- വിശ്രമിക്കുക, വിരാമമിടുക എന്നിങ്ങനെ അർത്ഥം വരുന്ന സാബാത്ത് എന്ന ഹീബ്രുമൂലത്തിനിന്നാണ് സാബത്ത് എന്ന പദമുണ്ടായത്.
- വെള്ളിയായയാഴ്ച സൂര്യാസ്തമയം മുതൽ ശനിയാഴ്ച സൂര്യാസ്തമയം വരെ അവർ സാബത്ത് ആചരിച്ചു.


# ഈശോയും സാബത്തും

- മനുഷ്യൻ സാബത്തിനുവേണ്ടിയല്ല, സാബത്ത് മനുഷ്യനു വേണ്ടിയാണെന്ന് അവിടുന്ന് പഠിപ്പിച്ചു. സാബത്തിന്റെയും കർത്താവായ ദൈവത്തെ ആരാധിക്കാൻ ഈശോ ഉദ്ബോധിപ്പിച്ചു.



കർത്താവിന്റെ ദിവസം

- സാബത്തിൽ രോഗശാന്തി നൽകികൊണ്ട് നന്മ ചെയ്യുന്നത് സാബത്തിനു ചേർന്നതാണെന്ന് അവിടുന്നു തെളിയിച്ചച്ചു. അങ്ങനെ സാബത്തി നെക്കുറിച്ചുള്ള തെറ്റായ മനോഭാവത്തെ ഈശോ തിരുത്തി.



# ഞായറാഴ്ച : കർത്താവിന്റെ ദിനം

- ക്രൈസ്തവരുടെ സാബത്തു ദിനം ഞായറാഴ്ചയാണ്. അത് കർത്താവിന്റെ ദിനമാണ്. ഞായറാഴ്ച കർത്താവിന്റെ ദിനമായി ആചരിക്കുന്നതിനുള്ള കാരണങ്ങൾ പലതാണ്. അതിൽ പ്രധാനപ്പെട്ടത് രക്ഷാകരചരിത്രത്തിലെ നിർണായക സംഭവമായ ഈശോയുടെ ഉത്ഥാനം നടന്നത് ഒരു ഞായറാഴ്ചയായിരുന്നു എന്നതാണ്. പ്രത്യക്ഷപ്പെടലുകളിൽ പ്രധാനപ്പെട്ടവയെല്ലാം നടന്നത് ഞായറാഴ്ചകളിലായിരുന്നു (മത്താ.28, ലൂക്കാ.24, യോഹ 20). ഒരു ഞായറാഴ്ചയാണ് ശിഷ്യന്മാരുടെ മേൽ പരിശുദ്ധാത്മാവ് എഴുന്നള്ളിവന്നത് (അപ്പ 2:114) സഭ സ്ഥാപിതമായതും പന്തക്കുസ്താദിനത്തിലാണല്ലോ.

## കർത്താവിന്റെ ദിവസം

- ജോൺപോൾ രണ്ടാമൻ മാർപാപ്പ ഞായറാഴ്ച ആചരണത്തെക്കുറിച്ച് എഴുതിയ കർത്താവിന്റെ ദിനം എന്ന അപ്പസ്തോലിക ലേഖനത്തിൽ ക്രിസ്തു രഹസ്യത്തിന്റെ കേന്ദ്രമായ ഉത്ഥാനവുമായി ഞായറാഴ്ചയ്ക്കുള്ള ബന്ധം വിവരിക്കുന്നു. ആഴ്ചതോറുമുള്ള ഈസ്റ്റർ ദിനമെന്നനാണ് മാർപ്പാപ്പ ഞായറാഴ്ചയെ വിശേഷിപ്പിക്കുന്നത്. ഈശോയുടെ ഉത്ഥാനത്തെപ്പറ്റി ധ്യാനിക്കാനും ഉത്ഥാനമഹത്വത്തിൽ പങ്കാളികളാകാനും നമുക്ക് നമുക്ക് ലഭിക്കുന്ന ഒരവസരമാണത്.
- ദിവസങ്ങളുടെ ദിവസമെന്നും ഞായറാഴ്ചയെ സഭ വിശേഷിപ്പിക്കുന്നുണ്ട്. പുതിയനിയമ ജനതയായ നാം കർത്താവിന്റെ ദിനമായ ഞായറാഴ്ച ആചരിക്കേണ്ടത് പ്രധാനമായും മൂന്നുവിധത്തിലാണ്.

# കർത്താവിന്റെ ദിവസം

1. **ആരാധനാദിനം**

- ദൈവത്തിന് ആരാധനാസ്തുതികൾ അർപ്പിക്കുക എന്നതാണ് ഈ ദിനത്തിന്റെ പ്രധാനലക്ഷ്യം.

2. **വിശ്രമദിനം**

- കർത്താവിന്റെ ദിവസം ആചരിക്കുന്നതിൽ നിന്ന് മറ്റുള്ളവരെ തടയുന്ന കാര്യങ്ങൾ അത്യാവിശ്യമില്ലാതെ ഒരു ക്രൈസ്തവനും ആവശ്യപ്പെടരുതെന്നും സഭ പഠിപ്പിക്കുന്നു.

3. **കാരുണ്യദിനം**

- വേദനിക്കുന്നവരോട് ഈശോ കാണിച്ച കാരുണ്യം പ്രദർശിപ്പിക്കുവാനുള്ള  പ്രത്യേക അവസരമാണ് ഞായറാഴ്ച

# കടപ്പെട്ട ദിവസങ്ങൾ

1. നമ്മുടെ കർത്താവിന്റെ പിറവിതിരുനാൾ–ക്രിസ്തുമസ്സ് –ഡിസംബർ 25
2. വിശുദ്ധ തോമാശ്ലീഹായുടെ മരണത്തിരുനാൾ–ദുക്റാന –ജൂലൈ 3
3. പരിശുദ്ധകന്യകമാതാവിന്റെ സ്വർഗാരോഹണത്തിരുനാൾ– ആഗസ്റ്റ് 15
4. നമ്മുടെ കർത്താവിന്റെ മാമ്മോദീസ– ദനഹാത്തിരുനാൾ–ജനുവരി 6
5. വിശുദ്ധ പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ– ജൂൺ 29
6. നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണം– ഉയിർപ്പ് ആറാം ഞായർ കഴിഞ്ഞു വരുന്ന വ്യാഴാഴ്ച

# നമുക്കു പാടാം

**(അഖിലാണ്ഡ മണ്ഡല)**


കർത്താവിൻ ദിനമെന്നും
സംപൂജ്യമായി
ആചരിച്ചിടാൻ അരുളുന്നു
ദൈവം
പാപവും രോഗവും മൃത്യുവും
നീക്കും
ഉത്ഥിതനേശുവിൽ നാമത്തെ
വാഴ്ത്താം
ആരാധനസ്തുതിസ്തോത്ര
ങ്ങളാലെ
ശക്തനാം ദൈവത്തിൻ
നാമത്തെ വാഴ്ത്താം

ദൈവികശാന്തിയാൽ സ്വസ്ഥ
രായ്ത്തീരാൻ
വിശ്രമം സ്വഷമനുഭവിച്ചീടാം
വേദനിച്ചീടുന്ന മർത്യനു
സ്നേഹ
സേവനമേകാൻ തന്നൊരു
സുദിനം
ആടിടാം, പാടിടാം, ആഘോഷി
ച്ചീടാം
കർത്താവിൻ ദിനമത് സാമോദ
മായി.

കർത്താവിന്റെ ദിവസം

# വഴി കാട്ടാനൊരു തിരുവചനം





- കർത്താവ് ഒരുക്കിയ ദിവസമാണ് ഇത് നമുക്ക് സന്തോഷിച്ചുല്ലസിക്കാം

(സങ്കീ. 118:24)

# എന്റെ തീരുമാനം

- എല്ലാ ഞായറാഴ്ചകളിലും ഞാൻ വിശുദ്ധ കുർബാനയിൽ പങ്കുകൊള്ളുകയും ഈശോയെ സ്വീകരിക്കുകയും ചെയ്യും